**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1328** **12-02-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്ക് വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്ക് വേ-II സൗന്ദര്യ പുനരുദ്ധാരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 11.10.2021 ലെ സ.ഉ (സാധാ) നം. 314/ 2021/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം, പദ്ധതിക്ക് 4,33,94,804/-രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s. SILK നെ ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനായി CRZ അനുമതി, ജല സേചന വകുപ്പിന്റെ നിരാക്ഷേപ പത്രം, തിരമാല പഠന റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ബി) | ഭരണാനുമതി ലഭിച്ചതിന് ശേഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 11.10.2021 ലെ സ.ഉ (സാധാ) നം. 314/ 2021/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം, പദ്ധതിക്ക് 4,33,94,804/-രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s. SILK നെ ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനായി CRZ അനുമതി, ജല സേചന വകുപ്പിന്റെ നിരാക്ഷേപ പത്രം, തിരമാല പഠന റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ജലസേചന വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | ജലസേചന വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാകുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും നാളിതു വരെ ലഭ്യമായിട്ടില്ല. നിരാക്ഷേപ പത്രം ലഭ്യമാകുന്നതിനായി നിർവ്വഹണ ഏജൻസിയായ SILK മുഖേനയും കണ്ണൂർ ജില്ലാ ഓഫീസ് മുഖേനയും അപേക്ഷ നൽകിയിട്ടുണ്ട്.<br><br>ജലസേചന വകുപ്പിൽ നിന്നും ആവശ്യപ്പെട്ട അധിക വിവരങ്ങൾ നൽകുന്നതിനായി നിർവഹണ ഏജൻസിയായ SILKനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്ക് തിരമാല പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയത് ഏത് ഏജൻസിയാണ് | (ഡി) | തിരമാല പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് |

| | | | |
|---|---|---|---|
| | നൽകേണ്ടത്; വിശദാംശം ലഭ്യമാക്കാമോ? | | വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ